# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-2026

ഗവ. എൽ.പി.എസ്
പന്നിയോട്

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025- 2026

## ഗവ. എൽ. പി. എസ്
## പന്നിയോട്

# ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയത്തിന്റെ ലഘുചരിത്രം
3. അടിസ്ഥാന വിവരങ്ങൾ
4. ലക്ഷ്യങ്ങൾ
5. മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
   (അക്കാദമികം, ഭൗതികം, സാമൂഹികം)
6. പദ്ധതി വിശദാംശങ്ങൾ.
7. ഉപസംഹാരം.

# ആമുഖം

കുട്ടികളുടെ കരിക്കുലർ, കോ-കരിക്കുലർ പ്രവർത്തികൾ ഉൾപ്പെടെ വിദ്യാലയത്തിന്റെ സർവ്വതോൻമുഖമായ വികസനമാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സുപ്രധാന ലക്ഷ്യം. പോരായ്മകളിൽ നിന്നെല്ലാം മുക്തമായി കാലത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങളെല്ലാം ഉൾപ്പെടുത്തി വ്യക്തമായ ഏകോപനത്തിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി അനായാസകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിനും നല്ല പഠനാന്തരീക്ഷവും മികച്ച ഭൗതികതകളും അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ സജ്ജമാകും.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ഗവ. എൽ. പി. എസ്
പന്നിയോട്

വിലാസം : ഗവ. എൽ. പി. എസ് പന്നിയോട്
പന്നിയോട്. പി. ഒ
പിൻ. 695575

വിദ്യാഭ്യാസ ഉപജില്ല : കാട്ടാക്കട

വിദ്യാഭ്യാസ ജില്ല : നെയ്യാറ്റിൻകര

റവന്യൂ ജില്ല : തിരുവനന്തപുരം

ബി. ആർ. സി : കാട്ടാക്കട

സി. ആർ. സി : ഗവ. എൽ. പി. എസ്
പന്നിയോട്

ഗ്രാമപഞ്ചായത്ത് : പൂവച്ചൽ

ബ്ലോക്ക് പഞ്ചായത്ത് : വെള്ളനാട്

ജില്ലാ പഞ്ചായത്ത് : തിരുവനന്തപുരം

നിയമസഭാമണ്ഡലം : അരുവിക്കര

ലോകസഭാ മണ്ഡലം : ആറ്റിങ്ങൽ

താലൂക്ക് : കാട്ടാക്കട

വില്ലേജ് : വീരണകാവ്

ഇ-മെയിൽ : govtlps panniyode@
gmail.com

# ചരിത്രം

ചരിത്ര പ്രാധാന്യമുള്ള ഒരു പൊതുവിദ്യാലയമാണ് ഗവ.എൽ.പി.എസ് പന്നിയോട്. ക്രൈസ്തവ മിഷനറി പ്രവർത്തനത്തിനായി ഇവിടെയെത്തിയ സാൽവേഷൻ ആർമി മിഷനറിമാരാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് കുടിപ്പള്ളിക്കൂടമായിരുന്ന ഈ വിദ്യാലയം 1924-ൽ സർക്കാർ ഏറ്റെടുത്തതോടുകൂടി വിദ്യാലയത്തിന്റെ സ്വഭാവം തന്നെ മാറി. കാട്ടാക്കട താലൂക്കിൽ പൂവച്ചൽ പഞ്ചായത്തിലെ ഉലയ്ക്കോട് വാർഡിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം സാധാരണക്കാരുടെ പൊതുസ്വത്താണ്.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും മറ്റു ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.

മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.

ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ / വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി-ശാക്തീകരണം നടപ്പിലാക്കുക.
- മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധമാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

## അക്കാദമികം

1. എല്ലാ കുട്ടികളിലും സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നു.
2. ഭിന്നശേഷിക്കാരെ പരിഗണിച്ചുകൊണ്ടുള്ള വിദ്യാഭ്യാസം
3. ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള പാഠ്യപദ്ധതി
4. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.
5. കുട്ടികൾക്ക് വിഷയാടിസ്ഥാനത്തിൽ ശേഷികൾ ആർജ്ജിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നൽകുന്നു
6. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നു.
7. വൈവിധ്യമുള്ള പഠനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു
8. ക്ലാസ്സ് ലൈബ്രറി പരമാവധി പ്രയോജനപ്പെടുത്തുന്നു.
9. കുട്ടികൾക്കും, രക്ഷിതാക്കൾക്കും ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നൽകാൻ പ്രത്യേകം ശ്രദ്ധിക്കുന്നു.
10. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ് പ്രവർത്തനങ്ങൾ മാറ്റുക.
11. കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുക.

# ഭൗതികം

- റിസോഴ്സ് റൂമുകളുടെ അഭാവം.
- ക്ലാസ് ലൈബ്രറി
- ആഡിറ്റോറിയം
- കമ്പ്യൂട്ടർ ലാബ്.
- മാലിന്യ സംസ്കരണം.
- ടോയ്‌ലെറ്റുകൾ.
- ഭാഷാലാബ്.

# സാമൂഹികം

- ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം.
- ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷ.
- വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും.

പൂർവ്വ വിദ്യാർത്ഥി സംഘടന. പൂർവ്വ അധ്യാപക സംഘടന, എസ്. എം. സി, ഗ്രന്ഥശാലകൾ ഇവരുടെ സേവനം ലഭ്യമാക്കൽ.

കലാ- കായിക പ്രവൃത്തി പരിചയ, സാംസ്കാരിക പരിപാടികൾ ഏകോപിക്കുക.

ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടിക.

| | | | | |
|---|---|---|---|---|
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ നേടുന്നു. | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. 'തെന്നാങ്ക്' പഠനക്ലാസുകളിൽ വർക്ക്ഷീറ്റുകൾ നൽകുന്നു. കുട്ടികൾക്ക് ഏത് സമയത്തും വന്ന് വായിക്കാൻ പറ്റുന്ന രീതിയിൽ വായനമൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുയോജ്യമായ പുസ്തകങ്ങൾ മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | മലയാളം ക്ലബ്. |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ | കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിന് ഭാഷാലാബ് തയ്യാറാക്കുന്നതിന്. | | | എസ്. ആർ. ജി. |
| ഉയർന്ന സാഹിത്യാഭിരുചി വളർത്തുന്നതിന്. | പ്രാദേശികവും, അല്ലാത്തതുമായ കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പരിപാടികൾ. ക്ലാസ്തല ലൈബ്രറി ഒരുക്കുക. മികച്ച ആസ്വാദനക്കുറിപ്പ് കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. | | | വിദ്യാരംഗം ലൈബ്രറി |

| ലക്ഷ്യങ്ങൾ | പരിപാടി പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
| --- | --- | --- | --- | --- |
| ഭാഷാപരമായ ശേഷി. | ജൂൺ ആദ്യവാരത്തിനകം കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു. ഒഴിവുദിവസങ്ങളിൽ കുട്ടികൾക്ക് 'മൈനാക്ക്' പാഠപുസ്തകൾ നൽകുന്നു. | ജൂൺ - ആദ്യവാരം. | | പ്രീതി. ആർ. ജി. ക്ലാസ് അധ്യാപകർ. |
| വ്യത്യസ്ത സാഹിത്യരൂപങ്ങൾ പരിചയപ്പെടുന്നതിന് | ചങ്ങാതിക്കൂട്ടം<br>വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ കലാപരിപാടികൾ നാലാം പീരിയഡിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | — | പ്രീതി ആർ. ജി |
| | ശില്പശാല<br>കുട്ടികൾ രചിതാക്കൾ. അധ്യാപകർ പിന്തുണ ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാലകൾ സംഘടിപ്പിക്കുന്നു. റിസോഴ്സ് നിർമ്മാണം. | ജൂൺ രണ്ടാം വാരം. | | പി.ടി. ഷി സുരാഗ്. |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യ ശേഷികൾ നേടുന്നതിന്. | സാഹിത്യ ചുമർ.<br>കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ സാഹിത്യ ചുമരിൽ പ്രദർശിപ്പിക്കുന്നു. മികച്ച സൃഷ്ടികൾ [illegible] | | | |

| | | | | |
|---|---|---|---|---|
| ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ഓരോ ക്ലാസിലേക്കും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐ.സി.ടി സാധ്യതകൾ കണ്ടെത്തുന്നു. പഠനവിഭവങ്ങൾ തയ്യാറാക്കുന്നു.<br>രണ്ടാഴ്ച കൂടുമ്പോൾ പാഠഭാഗവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു. | | | മലയാളം. ക്ലബ്. |
| | | | | |

# English.

പ്രവൃത്തിപരിചയം.

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
|---|---|---|---|---|
| Defective pronunciation | · Audio video clippings on correct pronunciation.<br>· Classes on phonetics by experts.<br>· Language lab.<br>· Video clippings.<br>· Readers theatre. | 2025 | | HM, Staffs PTA |
| Lack of communication. skill | Dramatisation of stories and enacting them.<br>Conducting debates and english fest.<br>· Formation of english club.<br>english assembly. | | | |

| | | | | |
|---|---|---|---|---|
| Addressing slow pace learners. | TM and TLM addressing slow pace learners. Special coaching classes for slow pace learners. Conducting action research on slowpace learners. | 2025 | | english Trs. |
| | · Introducing english library. English book exibition. · Classes on creative writing. | | | |
| Deffective sentence pattern | Magazines created by children. Dictionary making using the words of the text book. making sentence cards. Using sentence cards in classroom. english diary writing with ICT facilities. Peer group learning. | | | |

# ശാസ്ത്രം.

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ പ്രയോഗശേഷികളിൽ മുഴുവൻ കുട്ടികളെയും നിശ്ചിതനിലവാരത്തിൽ എത്തിക്കുക. | സ്കൂൾ ലാബ് ശാക്തീകരണം, വിഭവശേഖരണം, സയൻസ് ലാബ്/ ശാസ്ത്ര കോർണർ ശാസ്ത്രപരീക്ഷണങ്ങൾ കുട്ടിക്കൊരു ശാസ്ത്രകിറ്റ്. ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ | സി.വി.രാമൻ ദിനം. | | |
| സ്കൂളിലെ ശാസ്ത്രപഠനാന്തരീക്ഷം മെച്ചപ്പെടുത്താൻ. | പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചുമർ ചിത്രങ്ങൾ വരക്കുന്നു. | | | |

മേഖല : സോഷ്യൽ സയൻസ്.

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
|---|---|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കുക. | പ്രാദേശിക ഭൂപടം തയ്യാറാക്കൽ ഓരോ ക്ലാസിലും ചുമരിൽ വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നിവയുടെ ഭൂപടങ്ങൾ വരക്കുക. | 6 മാസം | | പി.ടി.എ |

# സാമൂഹ്യശാസ്ത്രം.

| | | | | |
|---|---|---|---|---|
| പ്രാദേശിക ചരിത്രത്തെക്കുറിച്ച് ധാരണയുണ്ടാക്കൽ. | മുതിർന്ന പൗരന്മാരുമായി. അഭിമുഖം. ചരിത്ര പ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേക്ക് പഠനയാത്ര. · പ്രാദേശിക ചരിത്രം. | | | പി.ടി.എ എസ്.ആർ.ജി |
| പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര സംഭവങ്ങൾ, സ്മാരകങ്ങൾ സ്ഥലങ്ങൾ ഇവയെ നേരിട്ട് അനുഭവിച്ച് അറിയുക. | സ്കൂൾ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട ലൈബ്രറി. | | | |
| ചരിത്ര പ്രധാന ദിനങ്ങളെ-കുറിച്ചും ആഘോഷങ്ങളെ-കുറിച്ചുമുള്ള ധാരണയുറവ്. | ദിനാചരണം സംഘടിപ്പിക്കുക. · അഭിമുഖം. · വിവിധ ആഘോഷങ്ങൾ. | | | |
| പൗരധർമ്മം മനസ്സിലാക്കുക. | വിദഗ്ധരായവരെ ക്ലാസ്. സംഘടിപ്പിക്കുക. ഫീൽഡ് ട്രിപ്പ് സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. | | | ടി.സി സാമൂഹ്യശാസ്ത്ര ക്ലബ്. |

# ഗണിതം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
|---|---|---|---|---|
| വിദ്യാർത്ഥികളുടെ പഠന-സാമഗ്രികളുടെ കുറവ് | ഗണിതലാബ് ശാക്തീകരണം.<br>ക്ലാസ് ഗണിതലാബ്.<br>ഗണിതലാബ്. | 2025 ജൂൺ. | | |
| ഗണിതപഠനം രസകരവും ആകർഷകവുമാക്കുക. | ഗണിതശാസ്ത്രത്തിന് ബോർഡ് സ്ഥാപിക്കൽ.<br>ഗണിത ക്ലബ് ശാക്തീകരണം.<br>Maths work sheet. | | | |
| ഗണിതശാസ്ത്രസൃഷ്ടികൾ പരിചയപ്പെടാനും സ്വയം രചനകൾ നടത്താനും കഴിയുന്നില്ല. | ഗണിത മാഗസിൻ.<br>ചുമർ പത്രികകൾ സ്കൂൾ-തലം.<br>ഗണിത ശാസ്ത്രമേള.<br>ഗണിതോത്സവം.<br>ഗണിത ഗെയിം കോർണർ. | ജൂൺ മുതൽ മാർച്ച് വരെ. | | Maths SRG |

# ലൈബ്രറി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി. |
|---|---|---|---|---|
| ലൈബ്രറിയിൽ നിന്ന് - പുസ്തകങ്ങളെടുക്കുന്ന് - വായിക്കുന്നില്ല. | പുസ്തക ശേഖരണം, (ഒരു കുട്ടി- യുടെ വീട്ടിൽ നിന്ന് ഒരു പുസ്തകം)<br>പിറന്നാളിന് ഒരു പുസ്തകം (അസംബ്ലിയിൽ പിറന്നാൾ ആശംസ പറഞ്ഞ് കുട്ടികളിൽ പുസ്തകം നൽകാനുള്ള അവസരം ഉണ്ടാക്കൽ)<br>പുസ്തക കുറിപ്പ് തയ്യാറാക്കൽ മത്സരം<br>. മാസത്തിലൊരിക്കൽ ചർച്ച.<br>. ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ ഒരു പുസ്തകം അവതരിപ്പിക്കൽ<br>രജിസ്റ്റർ എഴുതി കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്യൽ. | 3 മാസം | | പി.ടി.എ<br>പൂർവ്വവിദ്യാർത്ഥി കൾ.<br>അധ്യാപകർ,<br>കുട്ടികൾ<br>രക്ഷിതാക്കൾ. |

| | | | | |
|---|---|---|---|---|
| | കവിതകൾ - കവിതകൾ ഓരോരുത്തരും അവർക്ക് ലഭിച്ച കവിയുടെ ജീവചരിത്രത്തെക്കുറിച്ച് തയ്യാറാക്കുന്നു. കുട്ടികൾ വഴി രക്ഷിതാക്കൾക്ക് പുസ്തകമെത്തിക്കുന്നു | | | പി.ടി.എ SSG staff. |
| | മേഖല . പരിസ്ഥിതി. | | | |

## പരിസ്ഥിതി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
|---|---|---|---|---|
| ജൈവവൈവിധ്യ ഉദ്യാനം. | സ്കൂൾ പരിസരം പച്ചപ്പ് കൊണ്ട് നിറയ്ക്കുന്നു<br>· ചെടികൾ.<br>· വൃക്ഷങ്ങൾ.<br>· ഔഷധത്തോട്ടം<br>· ശലഭോദ്യാനം. | ജൂൺ 5 | | മ പി.ടി.എ<br>നല്ലപാഠം. ടി ഹരിതസേന |
| വീട്ടിലെ അടുക്കളത്തോട്ടം<br>പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം. | കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ പച്ചക്കറിത്തോട്ടം വെച്ചുപിടിപ്പിക്കുക. പ്ലാസ്റ്റിക് മുക്തവിദ്യാലയം | | | |

# പ്രവൃത്തിപരിചയം.

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
|---|---|---|---|---|
| കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം. | പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക<br>പ്രാദേശിക വിഭവങ്ങളുടെ ശേഖരണം. പ്രവൃത്തിപരിചയ ലാബ് സജ്ജമാക്കുക. | | | ബി.ആർ.സി |
| സ്കൂൾ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന്. | പി.ടി.എ, എം. പി. ടി.എ എന്നിവരുടെ നേതൃത്വത്തിൽ കുട, നോട്ട്ബുക്ക്, [illegible] ലോഷൻ, പേപ്പർബാഗ്, സോപ്പ് എന്നിവയുടെ വിപണന മേളകൾ സംഘടിപ്പിക്കുക. | ജനുവരി മുതൽ മാർച്ച് മാസം വരെ. | | പി.ടി.എ |

# ആരോഗ്യകായിക വിദ്യാഭ്യാസം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരം ഇല്ല. | വൈദ്യപരിശോധന. ആരോഗ്യക്ലാസുകൾ. സിഡി പ്രദർശനം. ·സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം. | | | ഹെൽത്ത് ക്ലബ്. |
| പ്രഥമശുശ്രൂഷ. | പ്രഥമശുശ്രൂഷ കിറ്റ് - സൗകര്യം ലഭ്യമാക്കൽ. | | | |
| കുട്ടികളിൽ കായികക്ഷമതയുള്ള കുറവ്. | കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക. | | | |
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം. | കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക. | | | പി.ടി.എ. |

## ഐടി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പാഠഭാഗങ്ങൾ ഐസിടി - സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യുന്നതിന്. | മുഴുവൻ ക്ലാസുകളിലും ലാപ്ടോപ്പ്, പ്രൊജക്ടർ, സംവിധാനം ഒരുക്കുക. ഇ-ലൈബ്രറി തയ്യാറാക്കുക. | 2025 - മുതൽ | | |
| | മേഖല · കലാപഠനം. | | | |
| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
| കലാപഠനം പ്രോത്സാഹിപ്പിക്കുന്നതിന്. | അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന്. | 2025 മുതൽ | | വിദ്യാരംഗം. |
| വിവിധ കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ്. | വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു. | " | | വിദ്യാരംഗം. |

# ഉച്ചഭക്ഷണം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| പ്രഭാതഭക്ഷണം ഉറപ്പുവരുത്തുക | അധ്യാപകരുടെ നേതൃത്വത്തിൽ | | | പ്രാദേശിക സ്വയംഭരണ സ്ഥാപനം |
| ഉച്ചഭക്ഷണത്തിന് ഇലക്കറികൾ പച്ചക്കറികൾ. എന്നിവ ഉൾപ്പെടുത്തുന്നു | സ്കൂൾ പരിസരത്ത് പപ്പായ, വാഴ മുരിങ്ങ എന്നിവ വച്ചുപിടിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ. | | പി.ടി.എ. ക്ലബ്ബ്. എസ്.എസ്. വിദ്യാർത്ഥികൾ. |
| എല്ലാവരും ഉച്ചഭക്ഷണം കഴിക്കുന്നുണ്ടോ ? ഉറപ്പു വരുത്തുക. | ഭക്ഷണം കഴിക്കുന്നവരുടെയും അല്ലാത്തവരുടെയും സർവ്വേ. പരിഹാര ബോധനം. ഉച്ചഭക്ഷണത്തിന് എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കൽ. | ജൂൺ മുതൽ - മാർച്ച് വരെ. | | നൂൺ മീൽ - കമ്മിറ്റി |
| കുട്ടികളിലും രക്ഷിതാക്കളിലും ആരോഗ്യകരമായ ഭക്ഷണരീതിയെക്കുറിച്ച് ബോധവൽക്കരണം. | ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുക. ഭക്ഷണശീലങ്ങളെപ്പറ്റി ക്ലാസ് പ്രാദേശിക ഉൽപന്നങ്ങൾ പരിചയപ്പെടുത്തൽ. | | | പി.ടി.എ. എം.പി.ടി.എ. |

# ഭിന്നശേഷി.

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
| --- | --- | --- | --- | --- |
| ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ. | ഓരോവർഷവും ആദ്യമാസത്തിൽ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ മുതൽ | | |
| പാഠഭാഗങ്ങളുടെ അനുരൂപീകരണം സാധ്യമാക്കുക. | റിസോഴ്സ് അധ്യാപകന്റെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക. ഐ.സി.ടി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക. ഇത്തരക്കാരെ പരിഗണിച്ചുകൊണ്ടുള്ള TLM തയ്യാറാക്കുക. സ്കൂളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുക. ഇത്തരക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ, സംവിധാനങ്ങൾ എന്നിവ ഒരുക്കുക. നിരന്തരമായ പ്രോത്സാഹനം നൽകുക ഇത്തരം കുട്ടികൾക്ക്. | 2025 മുതൽ | | ബി.ആർ.സി. പി.ടി.എ. എസ്.എസ്.ജി |

# വിജയഭേരി

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
|---|---|---|---|---|
| മലയാളം ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിലെ അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിലുള്ള കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം മലയാളത്തിളക്കം, ഗണിതം മധുരം, ഹലോ ഇംഗ്ലീഷ് എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ നൽകുന്നു. രണ്ടാം ഘട്ടത്തിന് മുൻപായി പ്രാഥമിക വിലയിരുത്തൽ നടത്തുന്നതാണ്. വീണ്ടും സഹായം ആവശ്യമുള്ള കുട്ടികൾക്ക് സഹായം ചെയ്യുന്നതാണ്. | | | HM, Staff |
| പഠനവൈകല്യമുള്ള കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ അനുഭവിക്കുന്ന കുട്ടികളെയും അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും പിന്നോക്കാവസ്ഥ പരിഹരിക്കുകയും ചെയ്യുക. | ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹനങ്ങൾ. ആദ്യ ഘട്ടത്തിൽ ഗുരുവിൻ അദ്ധ്യാപകർക്കും പരിശീലനം നൽകൽ. രക്ഷിതാക്കൾക്കുള്ള പരിശീലന ക്ലാസ്സുകൾ- | 1 വർഷം | | പി.ടി.എ, HM |

# കൗൺസിലിംഗ്

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
| --- | --- | --- | --- | --- |
| ജീവിത നൈപുണി വികസനം<br>വ്യക്തിത്വ വികസനം | സ്കൂൾ സാഹിത്യ സമാജം ശക്തി-പ്പെടുത്തുക. ബോധവൽക്കരണ-ക്ലാസ് സംഘടിപ്പിക്കുക.<br>കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു. | | | |
| സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനുള്ള താൽപര്യ-വിളയിക്കൽ | സ്കൂളുകളിൽ ബോധവൽക്കരണ-ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>സ്കൂളിലും പുറത്ത് വീട്ടിലും ഫീൽ-പ്രോജക്ടുകൾ നിർവ്വഹിക്കുക.<br>പ്ലാസ്റ്റിക് ശേഖരണം തരംതിരിക്കൽ വില്പനം പരിസ്ഥിതി സൗഹൃദമായ പദ്ധതി പഞ്ചായത്തുമായി ചേർന്ന് രൂപപ്പെടുത്തുക.<br>(പി.ടി.എ സഹായത്തോടെ) | | | ധന<br>പി.ടി.എ |

പൂർവ്വ വിദ്യാർത്ഥി അധ്യാപക കൂട്ടായ്മ

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
|---|---|---|---|---|
| പൂർവ്വ വിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കൽ. | പൂർവ്വവിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കൽ, ഫോൺ നമ്പർ എന്നിവ-കണ്ടെത്തൽ.<br>സംഘടന രൂപീകരിക്കൽ.<br>വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അവതരിപ്പിക്കൽ.<br>അനുബന്ധ പരിപാടികൾക്ക് പൂർവ്വ-വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തൽ.<br>കായിക മത്സരങ്ങൾക്ക് പരിശീലനം നൽകുന്നതിന് ഇവരുടെ പങ്കാളിത്തം ഉറപ്പാക്കൽ. | 2025 ജൂൺ | | പി.ടി.എ സ്റ്റാഫ്. |

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല. |
| --- | --- | --- | --- | --- |
| എസ്.എസ്.ജി മുതൽ സഹായം അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ. | രക്ഷിതാക്കളിൽ നിന്നും യോഗ്യതയുള്ളവരെ വിദഗ്ധരെ കണ്ടെത്തി. രക്ഷിതാക്കളെ പഠനപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ. കലാകായികമേള. | | | |
| പി.ടി.എ., എം.പി.ടി.എ. | മാസത്തിൽ നിശ്ചിത ദിവസം ജനറൽ എക്സിക്യൂട്ടീവ് യോഗം ചേരുക. ബോധവൽക്കരണക്ലാസുകൾ. ·കോർണർ പി.ടി.എ. ·ഗൃഹ സന്ദർശന പരിപാടി. ഉച്ചഭക്ഷണപരിപാടിയിൽ പങ്കെടുപ്പിക്കൽ. കോർണർ പിടിഎയിൽ രക്ഷിതാവിനെയും കുട്ടികളെയും ഉൾക്കൊള്ളിച്ച് കല, സാംസ്കാരിക പ്രവർത്തനങ്ങൾ | | | പി.ടി.എ/ സ്റ്റാഫ്. |

# ഉപസംഹാരം

ഓരോ വിദ്യാർത്ഥികൾക്കും വന്നിട്ടുള്ള പഠനവിടവുകൾ നികത്താൻ പര്യാപ്തമായ ഒരു അക്കാദമിക മാസ്റ്റർപ്ലാനാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കുട്ടികൾക്കിടയിലെ അന്തരം കുറയ്ക്കാൻ സഹായിക്കുമെന്ന പ്രതീക്ഷയോടെ ഉപസംഹരിക്കുന്നു.